**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.സുധീഷ് കെ.വി., ക്ലാർക്ക്, കൊയിലാണ്ടി നഗരസഭ, കോഴിക്കോട് ഫയൽ ചെയ്ത OA(EKM)-1914/2018 നമ്പർ കേസിന്റെ 12.10.2018 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3081/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 04.12.2018.**

---

പരാമർശം: 1. സ.ഉ.(അ) നം.254/2015/തസ്വഭവ തീയതി, 31.07.2015.

2. ശ്രീ.സുധീഷ് കെ.വിയുടെ 05.12.2017 ലെ അപേക്ഷ.

3. ഒ.എ(ഇ.കെ.എം) 1914/2018-ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.10.2018-ലെ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കൊയിലാണ്ടി നഗരസഭയിൽ പുനർവിന്യസിച്ച കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ.സുധീഷ് കെ.വി. ടിയാന്റെ പുനർവിന്യാസ കാലാവധി പൂർത്തിയായതിനാൽ ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്റെ അന്തിമവിധിയിൽ ഉത്തരവ് കൈപ്പറ്റി 6 ആഴ്ചക്കകം അപേക്ഷകന്റെ നിവേദനം പരിശോധിച്ച് തീരുമാനമെടുക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവാകുകയും ചെയ്തു.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. സുധീഷ് കെ.വി. ടിയാന്റെ പുനർവിന്യാസ കാലാവധി പൂർത്തിയാക്കിയിട്ടുള്ളതിനാൽ ശ്രീ. സുധീഷ് കെ.വി.-യെ ടിയാന്റെ മാതൃവകുപ്പായ കൃഷി വകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടു ഉത്തരവാകുന്നു. കൂടാതെ ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിന് പകരമായി മറ്റൊരു ജീവനക്കാരനെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 1914/2018 നമ്പർ കേസിന്റെ 12.10.2018-ലെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ശ്രീ.സുധീഷ് കെ.വി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട്

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട്

കൃഷി വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ